>> കുറിപ്പുകൾ

# ഇന്റർനെറ്റിലെ ദഅ്‌വാ സാധ്യതകൾ

● വി.കെ. അബ്ദു

**വിവര** സാങ്കേതികവിദ്യയിലുണ്ടായ പുരോഗതി മൂലം കഴിഞ്ഞ ഏതാനും ദശകങ്ങളായി ആശയവിനിമയ രംഗത്ത് അഭൂതപൂർവമായ വളർച്ചയാണ് മനുഷ്യൻ കൈവരിച്ചിരിക്കുന്നത്. ഇത് നമ്മുടെ ജീവിത ശൈലിയെത്തന്നെ അടിമുടി മാറ്റിയിട്ടുണ്ട്. ആശയവിനിമയത്തിന് ദൂരവും സമയവും ഭാഷയും രാഷ്ട്രങ്ങളും തടസ്സമല്ലാതായിരിക്കുന്നു. അതോടൊപ്പം വിജ്ഞാനത്തിന്റെയും അറിവിന്റെയും മഹാസാഗരം തന്നെ നമ്മുടെ മുമ്പിൽ തുറക്കപ്പെട്ടിരിക്കുകയാണ്.




സാങ്കേതികവിദ്യയുടെ വളർച്ച ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിൽ മുസ്‌ലിംകൾ വളരെ പിന്നിലാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇന്റർനെറ്റിലെ ഇസ്‌ലാമിക സാന്നിധ്യം ഒട്ടും ആശാവഹമല്ലെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇസ്‌ലാമിക സൈറ്റുകളെ അപേക്ഷിച്ച് ക്രിസ്തീയ ആശയ പ്രചാരണത്തിനു വേണ്ടി സ്ഥാപിതമാകുന്ന സൈറ്റുകളുടെ വർധനവ് 1200 ശതമാനം എന്ന അനുപാതത്തിലാണെന്നാണ് കണക്ക്. നെറ്റിൽ ഈ ഇനത്തിലെ മൊത്തം സൈറ്റുകളുടെ 62 ശതമാനവും ക്രിസ്ത്യൻ മിഷനറികൾ സ്ഥാപിച്ചവയാണ്. സയണിസം തൊട്ടടുത്ത സ്ഥാനത്ത് നിലകൊള്ളുന്നു. ഇസ്‌ലാം ഉൾപ്പെടെയുള്ള ഇതര മതങ്ങളുടെ സ്ഥാനം ഇവക്ക് പിന്നിലാണ്.

ഇസ്‌ലാമിക പ്രബോധനം ലക്ഷ്യമാക്കി 1993-ലാണ് ഇന്റർനെറ്റിൽ ആദ്യത്തെ വെബ്സൈറ്റ് ഇംഗ്ലീഷ് ഭാഷയിൽ ആരംഭിക്കുന്നത്. തുടർന്ന് സൈബർലോകത്തെ ദഅ്‌വാ സാധ്യതകൾ പ്രയോജനപ്പെടുത്താനായി ബ്രിട്ടനിലെയും അമേരിക്കയിലെയും മുസ്‌ലിംകൾ മുന്നോട്ടുവന്നു. തുടക്കത്തിൽ ഇംഗ്ലീഷ് ഭാഷയിൽ മാത്രം സ്ഥാപിതമായ ഇത്തരം സൈറ്റുകൾ ക്രമേണ ഇതര ഭാഷകളിലേക്കും വ്യാപിച്ചു. പൂർണമായും ഇസ്‌ലാമിക പ്രബോധനം ലക്ഷ്യമാക്കുന്ന 650 സൈറ്റുകളാണ് ഇപ്പോൾ നെറ്റിൽ സജീവമായി പ്രവർത്തിച്ചുവരുന്നത്. മുസ്‌ലിം ലോകത്തെ വിവിധ സംഘടനകളും സർക്കാർ വകുപ്പുകളും സ്ഥാപിച്ച ഏതാനും സൈറ്റുകൾ മാറ്റിനിർത്തിയാൽ സൈബർ ലോകത്തോ പൊതുസമൂഹത്തിലോ അത്രയൊന്നും സ്വാധീനം ചെലുത്താൻ ഭൂരിഭാഗം സൈറ്റുകൾക്കും സാധ്യമായിട്ടില്ല. ഇവയുടെ ഉള്ളടക്കമാകട്ടെ ഏറെക്കുറെ ശുഷ്കവുമാണ്. മികച്ച സാങ്കേതികതയും ആസൂത്രണവും പരിചയ സമ്പന്നരായ പ്രവർത്തകരുമുണ്ടായാൽ ഈ സൈറ്റുകൾ അത്യന്തം ആകർഷകവും സജീവവുമാക്കാവുന്നതാണ്. സൈറ്റുകൾക്ക് വൻതോതിൽ സന്ദർശകരെയും ലഭിക്കും.

ആശയ പ്രചാരണത്തിനുള്ള ശക്തമായ മാധ്യമമായി വളർന്നിരിക്കുകയാണ് ഇന്റർനെറ്റ്. ലോകംതന്നെ ഒരു കൊച്ചു ഗ്രാമമായി ചുരുങ്ങുന്നുവെന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. പരിധിയും പരിമിതികളും ഇല്ലാതെ ആർക്കും ആരുമായും എപ്പോഴും സംവദിക്കാനും ആശയം കൈമാറാനും ഇന്ന് സാധ്യമാണ്.

ഇസ്‌ലാം ലോകത്തെങ്ങുമുള്ള മനുഷ്യരെയാണ് അഭിസംബോധന ചെയ്യുന്നത്. അതിന്റെ സന്ദേശവും ദൗത്യവും ആഗോളതലത്തിൽ തന്നെ പരിചയപ്പെടുത്തേണ്ടതുമാണ്. ഇസ്‌ലാം സർവകാലികവും സാർവജനീനവുമാണെന്ന ആശയത്തിന് ഇന്റർനെറ്റ് യുഗത്തിൽ ഏറെ പ്രസക്തിയുണ്ട്. അതിനനുസരിച്ച് അതിന്റെ ദൗത്യവാഹകരായ മുസ്‌ലിംകളുടെ ഉത്തരവാദിത്വവും വർധിക്കുന്നു. അതായത് ദൗത്യനിർവഹണത്തിനും സന്ദേശ പ്രചാരണത്തിനും കാലഘട്ടത്തിന്റെ മാധ്യമം പ്രയോജനപ്പെടുത്താൻ മുന്നോട്ടു വരേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ ബാധ്യതയായി മാറിയിരിക്കുകയാണ്. ഈ യാഥാർഥ്യം തിരിച്ചറിയാൻ വൈകിയതാണ് ഇന്റർനെറ്റിലും അതുൾപ്പെടെയുള്ള ഡിജിറ്റൽ മീഡിയയിലും ഇസ്‌ലാമിന്റെ സാന്നിധ്യം ഇത്രമാത്രം ശുഷ്കമായതെന്ന് വിലയിരുത്തുന്നതിൽ അപാകതയില്ല.

അതി വിശാലമാണ് സൈബർ

ലോകം. അതിന്റെ ചക്രവാളത്തിന് പരിധി കളില്ല. അതിന്റെ സാധ്യതകൾ അപരിമേയമാണ്. ലോകത്തെങ്ങുമുള്ള ദുശ്ശക്തികളും തിന്മയുടെ വക്താക്കളും പൊള്ളയും കപടവുമായ ആശയങ്ങളും ഇന്റർനെറ്റിൽ ശക്തമായി സാന്നിധ്യമുറപ്പിച്ചിരിക്കുകയാണ്. എല്ലാ തിന്മകളുടെയും വിളനിലമായി അത് മാറിയിരിക്കുന്നു. തലമുറകളെ ഒന്നടങ്കം നാശത്തിലേക്ക് തള്ളിവിടാൻപോലും അത് ശക്തിയാർജിക്കുന്നു. ഇസ്‌ലാമിന്റെ ബദ്ധവൈരികൾ സൈബർ ലോകത്തിന്റെ സാധ്യതകൾ മുഴുക്കെ പ്രയോജനപ്പെടുത്തി ഇസ്‌ലാമിനെതിരെയുള്ള കുപ്രചാരണത്തിന് ആക്കം കൂട്ടുമ്പോൾ, നന്മയുടെയും സത്യത്തിന്റെയും പ്രചാരണം എന്ന നമ്മുടെ ബാധ്യത വർധിക്കുന്നതായി മനസ്സിലാക്കണം.

ഇന്റർനെറ്റ് ഉപയോഗപ്പെടുത്താവുന്ന പ്രബോധന മേഖലകൾ ധാരാളമുണ്ട്. ഇത് പ്രയോജനപ്പെടുത്തി അതിവിപുലമായ തലത്തിൽ ഇസ്‌ലാമിന്റെ സന്ദേശപ്രചാരണം, ഇസ്‌ലാമിനെതിരെ നെറ്റിലൂടെ നടത്തുന്ന ദുരാരോപണങ്ങൾക്കും തെറ്റിദ്ധാരണകൾക്കും മറുപടി നൽകൽ, ഇസ്‌ലാമിന്റെ വക്താക്കളെന്നവകാശപ്പെട്ട് വിവിധ സൈറ്റുകൾ നെറ്റിലൂടെ പ്രചരിപ്പിച്ചുവരുന്ന അബദ്ധ വിശ്വാസങ്ങളോടുള്ള പോരാട്ടം, ചാറ്റ്റൂമുകളിലും സോഷ്യൽ നെറ്റ്‌വർക്കുകളിലും ബ്ലോഗുകളിലും മറ്റും വികലമാക്കപ്പെടുന്ന ഇസ്‌ലാമിന്റെ യഥാർഥ രൂപവും ഭാവവും അവതരിപ്പിക്കൽ, ഇസ്‌ലാമിനെ സംബന്ധിച്ച ഏറ്റവും പുതിയ പഠനങ്ങളും ഗ്രന്ഥങ്ങളും എല്ലാവർക്കും ലഭ്യമാകുന്ന വിധത്തിൽ പരിചയപ്പെടുത്തൽ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ഈ ദൗത്യനിർവഹണത്തിന്റെ ഭാഗമായി ആർക്കും ഏറ്റെടുത്ത് നടത്താവുന്നതാണ്. ഈ ആവശ്യങ്ങൾക്കായി പണ്ഡിതന്മാരുടെയും പ്രബോധനരംഗത്തെ പരിചയ സമ്പന്നരുടെയും സേവനങ്ങൾ നെറ്റിലൂടെത്തന്നെ ലഭ്യമാക്കാൻ നിഷ്പ്രയാസം സാധിക്കുകയും ചെയ്യും.

'യൂട്യൂബ്' പോലുള്ള വെബ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഏത് ഭാഷയിലെയും ഇസ്‌ലാമിക പ്രഭാഷണങ്ങളും ജുമുഅ ഖുത്ബകളും മറ്റും നെറ്റിൽ ലഭ്യമാക്കാൻ നമുക്ക് സാധ്യമായിരിക്കുന്നു. ഇവയുടെ ഓഡിയോ, വീഡിയോ ക്ലിപ്പുകൾ ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക പ്രബോധനത്തിന് വ്യാപകമായി പ്രയോജനപ്പെടുത്താവുന്നതാണ്. 'ഓർക്കൂട്ട്', 'ഫെയ്സ് ബുക്ക്' പോലുള്ള സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾ പരിധിയോ പരിമിതിയോ ഇല്ലാതെ വ്യക്തി ബന്ധങ്ങൾക്കും സൗഹൃദ കൂട്ടായ്മകൾക്കും അവസരമൊരുക്കുന്നു. ഈ ബന്ധങ്ങൾ ദഅ്‌വാ പ്രവർത്തനങ്ങൾക്ക് വൻ സാധ്യതകളാണൊരുക്കുന്നത്. ഇന്റർനെറ്റിലെ ബ്ലോഗുകൾ ഇന്ന് ശക്തമായ ഒരു ആശയപ്രചാരണ മാധ്യമമാണ്. നെറ്റിൽ ഓരോരുത്തരുടെയും സ്വന്തമായ 'പ്രസിദ്ധീകരണ'മാണ് ബ്ലോഗ്. വ്യവസ്ഥാപിതമായി പ്രയോജനപ്പെടുത്തിയാൽ ബ്ലോഗുകളുടെ പ്രബോധന ദൗത്യനിർവഹണ സാധ്യതകൾ അതി വിപുലമാണ്.

ആശയവിനിമയത്തിന് പുറമെ വിവര ശേഖരണത്തിനും വാർത്തകൾക്കും സാമ്പത്തിക ഇടപാടുകൾക്കും മറ്റും ഇന്റർനെറ്റ് ആശ്രയിക്കുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. ഇസ്‌ലാമിക വിഷയങ്ങളുടെയും ഗ്രന്ഥങ്ങളുടെയും വിപുലമായ ശേഖരം തന്നെ നെറ്റിൽ ലഭ്യമാണ്. ഇലക്ട്രോണിക് രൂപത്തിലുള്ള ഈ ഗ്രന്ഥങ്ങൾ ആർക്കും എവിടെ നിന്നും വളരെപ്പെട്ടെന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ നെറ്റിൽ സൗകര്യമൊരുക്കിയിരിക്കുന്നു. അറബി ഉൾപ്പെടെ ഏത് ഭാഷയിലും വിവരശേഖരത്തിൽ സെർച്ച് ചെയ്ത് ആവശ്യമായവ ലഭ്യമാക്കാനും സാധിക്കും. മുൻകാലങ്ങളിലെ പ്രബോധനപ്രവർത്തകർക്ക് ലഭ്യമായിട്ടില്ലാത്ത വലിയൊരു സൗകര്യമാണിത്. പറയത്തക്ക ചെലവുകളൊന്നുമില്ലാതെത്തന്നെ ലോകത്തിന്റെ ഏതുകോണിലും ഏത് വീടിന്റെയും ഉള്ളറകളിൽ പോലും നെറ്റ് മുഖേന കയറിച്ചെന്ന് പ്രബോധനപ്രവർത്തനങ്ങൾ നടത്താൻ ഇന്ന് നമുക്ക് സാധ്യമായിരിക്കുന്നു. ഇതിന് വലിയ പരിശീലനമോ പാണ്ഡിത്യമോ ആവശ്യമില്ല. സംശയനിവാരണം ആവശ്യമായി വരുമ്പോൾ പണ്ഡിതന്മാരുടെ സൈറ്റുകളുടെ സഹായവും തേടാവുന്നതാണ്.

വെബ്സൈറ്റിലോ നെറ്റിലെ ഇതര രൂപങ്ങളിലോ നാം പ്രവർത്തന സജ്ജമാക്കുന്ന ദഅ്‌വാ സംവിധാനം ദിവസം മുഴുക്കെ അതിന്റെ സേവനം നിർവഹിച്ചുകൊണ്ടേയിരിക്കും എന്നത് ഈ മാധ്യമത്തിന്റെ മാത്രം സവിശേഷതയാണ്. വിശ്രമത്തിന്റെ ആവശ്യമില്ല. പ്രബോധിതൻ ക്ലാസ് റൂമിലോ വീട്ടിലോ യാത്രയിലോ എന്നത് ഇവിടെ പ്രശ്നമല്ല. ഏത് അവസ്ഥയിലായാലും അത് ദൗത്യനിർവഹണം തുടർന്നുകൊണ്ടിരിക്കും. ഇതിന്റെ ഫലം ആഗോളതലത്തിലാണ് പ്രത്യക്ഷമാവുക. കാലഘട്ടത്തിന്റെ മാധ്യമം ഉപയോഗിച്ച് നാം ദൗത്യനിർവഹണത്തിന് സന്നദ്ധരാണോ എന്നതാണ് ഇവിടെ ഉയരുന്ന പ്രധാന ചോദ്യം. ■




പറയത്തക്ക ചെലവുകളൊന്നുമില്ലാതെത്തന്നെ ലോകത്തിന്റെ ഏതുകോണിലും ഏത് വീടിന്റെയും ഉള്ളറകളിൽ പോലും നെറ്റ് മുഖേന കയറിച്ചെന്ന് പ്രബോധനപ്രവർത്തനങ്ങൾ നടത്താൻ ഇന്ന് നമുക്ക് സാധ്യമായിരിക്കുന്നു. ഇതിന് വലിയ പരിശീലനമോ പാണ്ഡിത്യമോ ആവശ്യമില്ല. സംശയനിവാരണം ആവശ്യമായി വരുമ്പോൾ പണ്ഡിതന്മാരുടെ സൈറ്റുകളുടെ സഹായവും തേടാവുന്നതാണ്.

vkabdu@gmail.com

(ഇതുമായി ബന്ധപ്പെട്ട വിശദമായ കുറിപ്പുകൾ തുടർ ലക്കങ്ങളിൽ പ്രതീക്ഷിക്കുക)